# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.99/PR/PIC/PHQ/17 Date : 15.05.2017

---

## പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളോട് മാന്യമായി പെരുമാറുന്നുവെന്ന് ജില്ലാപോലീസ് മേധാവിമാർ ഉറപ്പുവരുത്തണം- സംസ്ഥാന പോലീസ് മേധാവി

പോലീസുദ്യോഗസ്ഥർ പരാതിക്കാരോട് ആർദ്രതാപൂർണമായ സമീപനവും അനുകമ്പയും പുലർത്തണമെന്ന് സംസ്ഥാന പോലീസ് മേധാവി ഡോ. ടി.പി.സെൻകുമാർ നിർദ്ദേശിച്ചു. ജനങ്ങളോട്, വിശേഷിച്ച് സ്ത്രീകളോടും കുട്ടികളോടും, ഏറ്റവും മാന്യമായി  പെരുമാറണം. ഇക്കാര്യം ജില്ലാ പോലീസ് മേധാവിമാർ ഉറപ്പാക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി റെയ്ഞ്ച് തലത്തിൽ നടത്തിയ യോഗങ്ങളിൽ പോലീസുകാർ പരാതിക്കാരോടും പൊതുജനങ്ങളോടും സ്വീകരിക്കേണ്ട സമീപനത്തെപ്പറ്റി ഊന്നിപറഞ്ഞിരുന്നു. എന്നാൽ ഇപ്പോഴും പോലീസ് ആസ്ഥാനത്ത് ലഭിക്കുന്ന പരാതികളിൽ വളരെയധികവും പോലീസ് ഉദ്യോഗസ്ഥരുടെ മനുഷ്യത്വപരമല്ലാത്ത പെരുമാറ്റത്തെക്കുറിച്ചും നടപടികളെക്കുറിച്ചുമാണ്.

ആയതിനാൽ പരാതിക്കാരോടും പൊതുജനങ്ങളോടും പോലീസുദ്യോഗസ്ഥരുടെ പെരുമാറ്റം സംബന്ധിച്ച നിർദേശങ്ങൾ  പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാരും വ്യക്തിപരമായ ശ്രദ്ധ ചെലുത്തണമെന്നും ചുരുങ്ങിയ കാലയളവിനുള്ളിൽ പോലീസുകാരുടെ ജനങ്ങളോടുള്ള പെരുമാറ്റത്തിൽ ഗുണകരമായ പുരോഗതി കൈവരിച്ചുവെന്ന് ഉറപ്പാക്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. മേഖലാ എഡിജിപിമാരും റെയ്ഞ്ച് ഐജിമാരും ഇക്കാര്യം ഉറപ്പാക്കുന്നതിന് മേൽനോട്ടം വഹിക്കണം.

ജനങ്ങളോടുള്ള മോശം പെരുമാറ്റം സംബന്ധിച്ച് ഓരോ ജില്ലയിൽ നിന്നുമുള്ള പരാതികളുടെ എണ്ണം ആ ജില്ലയിലെ ജില്ലാ പോലീസ് മേധാവിമാർ ഇക്കാര്യത്തിലെടുക്കുന്ന ശുഷ്കാന്തിയുടെ സൂചകമായി കണക്കാക്കുമെന്നും സംസ്ഥാന പോലീസ് മേധാവി ഓർമ്മിപ്പിച്ചു. ജില്ലാതലത്തിൽ ഏറ്റവും നല്ല രീതിയിൽ പെരുമാറ്റം ഉറപ്പാക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് ഓരോ വർഷവും പ്രത്യേകം അനുമോദനങ്ങൾ നൽകുന്ന കാര്യവും ജില്ലാ പോലീസ് മേധാവിമാർക്ക് പരിഗണിക്കാവുന്നതാണ്.

***************